രുന്ന സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട മററൊരു മുഖ്യപ്രശ്നം. ഒരു വശത്തു് മാനസികാപഗ്രഥനശാസ്ത്രവും മറുവശത്തു് ഗർഭനിരോധോപകരണങ്ങളും ചേർന്നു് ഇക്കഴിഞ്ഞ ഏതാനും ദശാബ്ദങ്ങൾക്കുള്ളിൽ പാശ്ചാത്യ സമൂഹങ്ങളുടെ ലൈംഗികജീവിതത്തിൽ ഗംഭീരമായ ഒരു പരിവർത്തനം വരുത്തുകയുണ്ടായി. സമലൈംഗികതയോ, വ്യഭിചാരമോ അവിടെ നിഷിദ്ധങ്ങളല്ലാതായി. സമൂഹജീവിതത്തിൽനിന്നു് ലൈംഗിക സദാചാരം തികച്ചും തിരസ്കൃതമായി. ആർക്കും ആരോടും ലൈംഗിക ബന്ധമാകാം എന്ന നില വന്നുചേർന്നു 'പെർമിസ്സീവ് സൊസൈററി' (താന്തോന്നിസ്സമൂഹം) എന്ന പേർ പാശ്ചാത്യസമൂഹത്തിനു നൽകപ്പെട്ടു.

ഇതിൻെറ ഫലമായി ജനങ്ങൾക്കു് കൂടുതൽ സുഖം കൈവന്നുവോ? 'ഇല്ല' എന്നായിരുന്നു ഹൈഡെൽബർഗ് സമ്മേളനത്തിൽ പരക്കെ അംഗീകൃതമായ അഭിപ്രായഗതി. വില കൊടുത്തു വാങ്ങാവുന്നതോ, ബലം പ്രയോഗിച്ചു പിടിച്ചടക്കാവുന്നതോ ആയ ഒന്നല്ല ലൈംഗിക സംതൃപ്തി. ശാരീരികമായ ആഗ്രഹപൂർത്തിയിൽ മാത്രം ഈ സംതൃപ്തി ഒതുങ്ങിനില്ക്കുന്നുമില്ല. ഭൗതികമെന്നതിലേറെ മാനസികമാണു് ലൈംഗികാനന്ദം. ക്ഷമാപൂർവമായ പരിശ്രമത്തിലൂടെ വളർത്തിക്കൊണ്ടുവരേണ്ട ഒരു 'മൂല്യം' ആണു് അതു്. 'പങ്കാളിത്തമുള്ള ജീവിതത്തിൻെറയും അനുഭൂതിയുടേയും സമ്മാനം' എന്ന നിലയിൽ സമഗ്രമായി നിരീക്ഷിക്കപ്പെടാത്തപക്ഷം ലൈംഗികജീവിതം ആഹ്ലാദത്തിനു പകരം ഉണർത്തിവിടുക ഭയങ്ങളെയും അപര്യാപ്തതാഭീതിയെയും കുററബോധത്തെയും ആയിരിക്കുമെന്നു് സമ്മേളനത്തിൽ പങ്കെടുത്ത വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു.

മററു രാജ്യങ്ങളിലേക്കു പോകുന്ന ടൂറിസ്റ്റുകളുടെ അറിവിനുവേണ്ടി ജർമനിയിൽ പ്രസിദ്ധീകരിച്ച ഒരു ചുവർപരസ്യം (പോസ്റ്റർ) ഈ സമ്മേളനത്തിൽ ജർമൻ ആരോഗ്യമന്ത്രി ശ്രീമതി റീത്ത സ്യൂസ്മുത്തു് പ്രദർശിപ്പിക്കുകയുണ്ടായി. 'നിങ്ങളുടെ യാത്ര മംഗളമായിരിക്കട്ടെ. എയ്ഡ്സ് രോഗം ബാധിക്കാതെ തിരിച്ചുവരിക' എന്നാണു് ഈ ചുവർപരസ്യത്തിൻെറ ശീർഷകം. വേശ്യാവൃത്തി വ്യാപകമായുള്ള ഇന്ത്യൻ നഗരങ്ങളിൽ ഇത്തരം പരസ്യങ്ങൾ പ്രാദേശികഭാഷകളിൽ നിർമിച്ചു് പ്രദർശിപ്പിക്കുന്നതു് നന്നായിരിക്കും. 'റബ്ബർ ഉറകൾ ഉപയോഗിച്ചു് ലൈംഗികബന്ധങ്ങളെ കൂടുതൽ അപകടരഹിതങ്ങളാക്കുക' എന്ന സന്ദേശവും ഇന്ത്യയിൽ ഇന്നു് അപ്രസക്തമായിരിക്കുകയില്ല.

(13, സെപ്തംബർ 1987)

# 95. കനകംമൂലം

ഒരു മാസം മുമ്പു് എൻെറ വീട്ടിൽ വരുമ്പോൾ സ്നേഹിതൻെറ മുഖം അസാധാരണമാംവിധം പ്രസന്നമായിരുന്നു. അദ്ദേഹത്തിൻെറ ആഹ്ലാദം എന്നിലേക്കും പകരാൻ ഏറെ താമസമുണ്ടായില്ല. എൻെറ സ്നേഹിതൻെറ മകളുടെ വിവാഹം നിശ്ചയിച്ചിരിക്കുന്നു! എം. എസ്സി. ഫൈനൽ ക്ലാസ്സിൽ പഠിക്കുന്ന മിടുക്കിയും സുമുഖിയുമായ ആ പെൺകിടാവിനെ എനിക്കു നല്ലപോലെ അറിയാം. അവളെ വിവാഹംചെയ്യാൻ പോകുന്നതു് ഒരു എൻജിനീയറാണു്. ഈയിടെ ഇലക്ട്രിസിററി ബോർഡിൽ ജോലി കിട്ടിയ സുശീലനായ ഒരു യുവാവു്. വരൻെറ കുടുംബം

ന്നു്. അമ്മ അദ്ധ്യാപിക. അച്ഛനു് ചെറിയ തോതിൽ ഒരു കച്ചവടം. മകളുടെ വിവാഹപ്രശ്നം തൃപ്തികരമായി പരിഹരിക്കപ്പെട്ടതിൽ സുഹൃത്തിനെ ഞാൻ അഭിനന്ദിച്ചു.

കഴിഞ്ഞ ആഴ്ചയിൽ സ്നേഹിതൻ വീണ്ടും എൻെറ വീട്ടിൽ വന്നു. അദ്ദേഹത്തിൻെറ മുഖം വാടിയിരുന്നു. മകളുടെ വിവാഹത്തിനു വല്ല പ്രതിബന്ധവും നേരിട്ടിരിക്കുമോ എന്നു് ഞാൻ ആശങ്കിച്ചു. ഞാൻ ചോദിച്ചപ്പോരം അദ്ദേഹം പറഞ്ഞു:

'എൻെറ മകളെ ഞാൻ അയാരംക്കു കൊടുക്കുന്നില്ല.'

'എന്തേ?'

'സ്വർണം. അയാരംക്കു വേണ്ടതു പെണ്ണല്ല, പൊന്നാണു്.'

വികാരവിക്ഷോഭം ഒട്ടടങ്ങിയപ്പോരം സ്നേഹിതൻ വിവരം വിശദമായി പറഞ്ഞു. വരൻെറ പക്ഷക്കാർ ആദ്യമൊന്നും സ്ത്രീധനം ആവശ്യപ്പെട്ടില്ല. തൻെറ സ്വത്തു് മക്കരംക്കിടയിൽ തുല്യമായി പങ്കിട്ടാൽ മകരംക്കു് എന്തു കിട്ടുമോ അതു സ്ത്രീധനമായി കൊടുക്കാൻ സ്നേഹിതൻ സ്വമേധയാ തയ്യാറായി. ഏകദേശം ഒരേക്കറോളം വരുന്ന തെങ്ങിൻപറമ്പു്. അതിൽ ഒരു വീടു്. വരൻെറ പിതാവിനും ഈ വ്യവസ്ഥ തൃപ്തികരമായെന്നു തോന്നി. പക്ഷേ, ഒടുവിൽ അയാരം ചോദിച്ചു: 'അപ്പോരംപ്പിന്നെ പൊന്നോ?'

'പൊന്നോ?' സ്നേഹിതനു് ആശ്ചര്യമായിരുന്നു.

'അതേ. എത്ര പവൻ ഇട്ടുവിച്ചാണു് പെണ്ണിനെ പന്തലിൽ ഇറക്കുക?'

ഇക്കാര്യം സ്നേഹിതൻ ആലോചിച്ചിരുന്നില്ല. രാഷ്ട്രീയപ്രവർത്തകനും സാഹിത്യകാരനും ആദർശശാലിയും ഒക്കെ ആയിരുന്ന സ്നേഹിതനും, അദ്ദേഹത്തിൻെറ ഭാര്യയും കുട്ടികളും സ്വർണഭ്രമം ഒട്ടും ഇല്ലാത്തവരായിരുന്നു. ആഭരണം ഒരു ആവശ്യവസ്തുവാണെന്ന വിചാരംതന്നെ സ്നേഹിതനുണ്ടായിരുന്നില്ല. വരൻെറ പിതാവിൻെറ ചോദ്യം കേട്ടപ്പോരം സ്നേഹിതൻ പറഞ്ഞു: 'അതെല്ലാം വേണ്ടപോലെചെയ്യാം.'

'എന്നാലും എത്ര?'

'ഓരോ കൈയിലും ഈരണ്ടു വള. കഴുത്തിൽ ഒരു മാലയും അതിൽ ഗുരുവായൂരപ്പൻെറ ലോക്കററും. കാതിൽ കമ്മൽ. അവരംക്കുള്ള മോതിരവും. മതിയോ?'

'അയ്യോ! അതു മതിയാവില്ല. നാട്ടുനടപ്പു നോക്കണ്ടേ?'

'പിന്നെ എന്തു വേണം?'

'ഇരുനൂറു പവനാണു് അങ്ങേവീട്ടിലെ ബി.എസ്‌സി.ക്കാരൻ പയ്യനു കിട്ടിയതു്. അയാരംക്കാണെങ്കിൽ ജോലിയുമില്ല. ഇവൻ എൻജിനീയറല്ലേ! ജോലിയും ഉണ്ടു്.'

'അത്രയൊന്നും തരാൻ എനിക്കു കഴിവില്ല.'

'അത്രവേണ്ട. എൻെറ മകനു് നിങ്ങളുടെ മകളെ ഇഷ്ടമായിരിക്കുന്നു. പിന്നെ എം. എസ്‌സി. അവസാനവർഷത്തിലുമാണല്ലോ. അടുത്ത ആണ്ടിൽ എന്തെങ്കിലും ജോലി കിട്ടിയേക്കും. എന്നാലും നൂററമ്പതു പവനെങ്കിലും വേണം.'

'നൂററമ്പതോ?'

'അതിൽ കുറഞ്ഞാൽ ഞാൻ എങ്ങനെ നാട്ടുകാരുടെ മുഖത്തു നോക്കും?'

ഒന്നും പറയാതെ സ്നേഹിതൻ അവിടെനിന്നു് ഇറങ്ങിപ്പോന്നു. നേരിട്ടു് എൻെറ അടുത്താണു വന്നതു്. ഞാൻ അദ്ദേഹത്തോടു് എന്തു പറയും?

എന്തെങ്കിലും പറയാതെ പററുമോ? ഞാൻ അന്നത്തെ പത്രമെടുത്തു്

അങ്ങാടിനിലവാരം നോക്കി. പത്തു ഗ്രാം സ്വർണത്തിന് തലേന്ന് ബോംബെ മാർക്കററിൽ മൂവായിരത്തഞ്ഞൂററിരുപതു രൂപയായിരുന്നു വില! മനസ്സിൽ കണക്കുകൂട്ടി: നൂററമ്പതു പവന് (ഒരു പവൻ = എട്ടു ഗ്രാം) എന്തു വില വരും?'

വിവാഹം നടന്നില്ല. എന്റെ സ്നേഹിതന്റെ മകൾ കന്യകയായിത്തന്നെ എം. എസ്‌സി. പരീക്ഷ എഴുതാൻ പോകുന്നു. ആ കുട്ടിക്ക് ക്ലാസ്സും റാങ്കും കിട്ടട്ടേ! തുടർന്ന് നല്ല ഒരു ജോലിയും. അവളുടെ അച്ഛന്റെ പണത്തിൽ ദൃഷ്ടിയില്ലാതെ, അവളുടെ വ്യക്തിത്വത്തോടു സ്നേഹവും ആദരവുമുള്ള, സംസ്കാരസമ്പന്നനായ ഏതെങ്കിലും യുവാവ് ഈ ലോകത്തിൽ ഇല്ലെന്നുവരുമോ?

പരമദരിദ്രമായ ഒരു രാജ്യമാണ് ഇന്ത്യ. എന്നിട്ടെന്താണ്? ഈ രാജ്യത്തിലെ എൺപതുകോടി ജനങ്ങൾക്കു സ്വർണമെന്നു പറഞ്ഞാൽ ഭ്രാന്താണ്. ഏഴായിരം ടൺ സ്വർണമാണത്രേ ഇന്ത്യക്കാർ ആഭരണമായും 'ബിസ്ക്കററ്'കളായും മററും സൂക്ഷിച്ചുവെച്ചിരിക്കുന്നത്. ഇന്ത്യക്കാരുടെ ആകെ സമ്പാദ്യത്തിൽ പതിമ്മൂന്നു ശതമാനത്തോളം സ്വർണ്ണമാണ്. പണക്കാരായ അമേരിക്കക്കാരുടെ കൈയിൽപോലുമില്ല ഇത്രയേറെ സ്വർണം. വ്യക്തികളുടെ കൈകളിലുള്ള ഈ സ്വർണത്തിനു പുറമെ, ഗവൺമെൻറിന്റെ വകയായി രണ്ടായിരത്തെഴുപത്തഞ്ചു ടൺ സ്വർണം റിസർവ് ബാങ്കിലും സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

ഇന്ത്യയുടെ അകത്ത് ആണ്ടുതോറും നൂററമ്പതു ടൺ സ്വർണത്തോളമാണ് പരസ്യമായി വില്ക്കപ്പെടുകയും വാങ്ങപ്പെടുകയുംചെയ്യുന്നത്. ഇതിൽ പകുതിയോളം 'പുനർവില്പന' ഇനത്തിൽപ്പെടുന്നു. കൈയിലുള്ള സ്വർണം ചിലർ വില്ക്കുന്നു; മററു ചിലർ അതു വാങ്ങുന്നു എന്നർത്ഥം. ശേഷിച്ച എഴുപത്തഞ്ചു ടൺ സ്വർണത്തോളം മററുരാജ്യങ്ങളിൽനിന്ന് ഇന്ത്യയിലെ മാർക്കററുകളിൽ എത്തേണ്ടിയിരിക്കുന്നു. 1968–മാണ്ടിൽ ശ്രീ മൊറാർജിദേസായി ധനകാര്യമന്ത്രിയായിരുന്നപ്പോൾ നടപ്പിൽ വരുത്തിയ സ്വർണനിയന്ത്രണനിയമമനുസരിച്ച് മറുനാടുകളിൽനിന്ന് ഇന്ത്യയിലേക്കു സ്വർണം ഇറക്കുമതിചെയ്തുകൂടാ. ഇതിനർത്ഥം, ആണ്ടുതോറും എഴുപത്തഞ്ചു ടൺ സ്വർണമെങ്കിലും കള്ളക്കടത്തായി ഇന്ത്യയിൽ കിട്ടിയേ കഴിയൂ എന്നാണ്.

ഇന്ത്യയിലെ പ്രധാനപ്പെട്ട സ്വർണഖനി കർണാടകസംസ്ഥാനത്തിൽ കോലാറിലുള്ളതാണ്. ആ പശുവിന്റെ കറവ മിക്കവാറും വററിയിരിക്കുന്നു. കോലാർഖനിയിൽനിന്ന് ഇപ്പോൾ ഒരാണ്ടിൽ കിട്ടുന്നത് രണ്ടുമുതൽ മൂന്നുവരെ ടൺ സ്വർണംമാത്രമാണ്. ലോകത്തിലാകെ പ്രതിവർഷ–സ്വർണ ഉല്പാദനം ആയിരത്തിരുനൂറു ടണ്ണിലധികമാണെന്നു കണക്കാക്കപ്പെടുന്നു. ഇതിൽ പകുതിയിലേറെ ഉല്പാദിപ്പിക്കപ്പെടുന്നത് തെക്കേ ആഫ്രിക്കയിലാണ്. ലോകം മുഴുവൻ എതിർത്താലും തങ്ങളുടെ വർണവിവേചനനയത്തിൽ ഉറച്ചുനിൽക്കുവാൻ തെക്കെ ആഫ്രിക്കയിലെ ന്യൂനപക്ഷ–വെള്ള ഗവൺമെൻറിന് ധൈര്യം നൽകുന്നത് ആ രാജ്യത്തിലെ ഖനികളിൽനിന്ന് ഉറന്നൊഴുകുന്ന ഈ സ്വർണപ്രവാഹമാണ്. തെക്കേ ആഫ്രിക്കയിലെ സ്വർണം മുഖ്യമായും ലണ്ടനിലാണ് വിററഴിക്കപ്പെടുന്നത്. അവിടെനിന്ന് അതിലൊരു ഭാഗം ഗൾഫ് രാജ്യങ്ങളിലെത്തുന്നു. ഗൾഫ്‌രാജ്യങ്ങളിൽനിന്ന് കള്ളക്കടത്തായി കപ്പലുകളിലൂടെയോ, പാകിസ്ഥാനിലൂടെ കരവഴിക്കോ, വിമാനയാത്രക്കാരുടെ കൈകളിൽക്കൂടിയോ എത്തുന്ന സ്വർണമില്ലെങ്കിൽ നമ്മുടെ നാട്ടിലെ പല പെൺകുട്ടികൾക്കും 'മംഗല്യഭാഗ്യം' ഉണ്ടാകുമായിരുന്നുവോ എന്നു സംശയമാണ്.

ഇന്ത്യയിലെ സ്വർണവിലയുടെ ഏതാണ്ടു നേർപ്പകുതിയോളമേ

അന്താരാഷ്ട്രവിപണികളിൽ ഉദാഹരണത്തിന് ഗൾഫ് രാജ്യങ്ങളിൽ സ്വർണത്തിനു വിലയുള്ള. അതുകൊണ്ട് സ്വർണത്തിന്റെ ഇന്ത്യയിലേക്കുള്ള കള്ളക്കടത്ത് അത്യന്തം ആദായകരമാണ്. നൂറു ശതമാനം ലാഭം! ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദത്തിലും രാഷ്ട്രീയനേതൃത്വത്തിലും അഴിമതി വ്യാപകമായിട്ടുള്ളതിനാൽ വൻകിട കള്ളക്കടത്തുകാർക്ക് വലിയ റിസ്ക്ക് ഒന്നും എടുക്കാതെതന്നെ തങ്ങളുടെ വ്യാപാരം തുടർന്നു കൊണ്ടുപോകാൻ കഴിയുന്നു. ഈ കള്ളക്കടത്തുകാരിൽ പലരും കോടീശ്വരന്മാരാണ്. അവരെപ്പററി ധാരാളം വിവരങ്ങൾ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ട്.

ഈ അടുത്തകാലത്ത് ഇന്ത്യയിലെ സ്വർണവില വാണംപോലെ കതിച്ചുകയറിയല്ലോ. 1987 നവംബറിലാണ് വില ഏററവും അധികമായത് പത്തു ഗ്രാമിന് 3774 രൂപ. കള്ളക്കടത്തു തടയാൻ ഇന്ത്യാ ഗവണ്മെൻറ് കാര്യമായിത്തന്നെ ശ്രമിച്ചതിനാൽ ഇക്കാലത്ത് ദുബായിയിൽനിന്ന് കള്ളസ്വർണവും കൊണ്ടുവന്ന ഇരുപതു ചെറുകപ്പലുകൾക്ക് ബോംബെയിൽ ചരക്കിറക്കാൻ സാധിക്കാതെ മടങ്ങിപ്പോവേണ്ടിവന്നതിനാലാണത്രേ സ്വർണവില ഇങ്ങനെ കത്തനെ ഉയർന്നത്.

ആഭരണനിർമാണത്തിനെന്നപോലെ നിക്ഷേപത്തിനും ഇന്ത്യക്കാർക്ക് സ്വർണം വേണം. നാണ്യപ്പെരുപ്പത്തിന്റെയും ഉപഭോഗസാധന ദൗർലഭ്യത്തിന്റെയും ഫലമായി ഒട്ടു വളരെ പണം കടലാസ്സുകറൻസിയായി ഇന്ത്യയിലെ ജനങ്ങളുടെ കൈയിൽ അടിഞ്ഞുകൂടിയിട്ടുണ്ട്. മുപ്പതിനായിരം കോടി രൂപ വിലവരുന്ന കടലാസ്സുനോട്ടുകൾ ഇപ്പോൾ ആണ്ടുതോറും ഇന്ത്യയിൽ പ്രചരിക്കുന്നുണ്ടത്രേ. രൂപയുടെ വില ആണ്ടോടാണ്ട് ഇടിഞ്ഞുവരികയാണ്. ഉള്ള രൂപ വ്യവസായങ്ങളിൽ നിക്ഷേപിക്കാൻ ആളുകൾക്കു ധൈര്യം പോരാ. ഏതു വ്യവസായമാണ് ലാഭമുണ്ടാക്കുന്നത്? ഷെയർമാർക്കററിൽ മാന്ദ്യമാണു പരക്കെ. ഭൂസ്വത്തു വാങ്ങിയിടാനും സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതിയാണ്. സ്വർണം വാങ്ങിവെച്ചാലോ? അതു സൂക്ഷിക്കാൻ, ചതുങ്ങിയ വാടകയ്ക്കു ബാങ്കുകളിൽ ലോഹറുകൾ കിട്ടും. 1967–ൽ പത്തു ഗ്രാം സ്വർണത്തിന്റെ വില നൂറെറഴുപതു രൂപയായിരുന്നു. 1987–ൽ അത്രയും സ്വർണത്തിന്റെ വില മൂവായിരത്തിഎഴുനൂററിഎഴുപത്തിനാലു രൂപയായി. അതായത്, ഇരുപതു വർഷത്തിനിടയിൽ സ്വർണത്തിന്റെ വില ഇരുപത്തിരണ്ട് ഇരട്ടിയിലേറെ വർദ്ധിച്ചു. സ്വർണവില വർദ്ധിക്കുകയല്ലാതെ ഒരിക്കലും കറയുന്ന അനുഭവമില്ല. അടുത്ത ആണ്ടിൽ (1988–ൽ) പത്തു ഗ്രാം സ്വർണത്തിന്റെ വില അയ്യായിരം രൂപയായി ഉയരുമെന്നു പ്രവചിക്കുന്നവരുമുണ്ട്.

ഇതൊക്കെ ആലോചിക്കുമ്പോൾ കൈയിൽ ഉള്ള പണം കൊടുത്തു സ്വർണം വാങ്ങി സൂക്ഷിക്കുന്നതാണ് ബുദ്ധി എന്നു തോന്നിപ്പോകുന്നു.

ഓരോ ദിവസവും സ്വർണ്ണത്തിന്റെ വില എത്രയായിരിക്കണമെന്നു നിശ്ചയിക്കുന്നത് ആരാണ്? 'ബോംബെ ബുള്ളിയൻ അസോസ്യേഷൻ' എന്ന സംഘടന (വിലാസം: 165, ഷെയ്ഖ് മേമോൺസ്ട്രീററ്, ബാങ്ക് ഓഫ് ഇന്ത്യ ബിൽഡിംഗ് (നാലാം നില), സാവേരി ബസാർ, ബോംബെ)ആണ് ഇതിന് ഉത്തരവാദപ്പെട്ടവർ. ഈ സംഘടനയുടെ ആപ്പീസ് ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും ഉച്ചയ്ക്ക് ഒരുമണി മുതൽ ആറുമണിവരെ തുറന്നിരിക്കും. ബുള്ളിയൻ അസോസ്യേഷനിലെ അംഗങ്ങൾക്കുമാത്രം അറിയാവുന്ന ആറു വിദഗ്ദ്ധർ എന്നും രാവിലെ ബോംബെയിലെ അമ്പതിലേറെ വൻകിട ആഭരണവ്യാപാരികളുടെ കടകൾ സന്ദർശിച്ച്, അന്ന് മാർക്കററിൽ എത്രമാത്രം സ്വർണമുണ്ടെന്നും അതിന് എത്രമാത്രം ആവശ്യക്കാരുണ്ടെന്നും മനസ്സിലാക്കും. പ്രദാനം

കുറവും ചോദനം അധികവുമാകുമ്പോൾ ചരക്കിന്റെ വില കൂടുകയും, മറിച്ചാവുമ്പോൾ വില കുറയുകയും ചെയ്യുമെന്നതാണല്ലോ വിപണിയിലെ അലംഘ്യനിയമം. ആവശ്യമുള്ള വിവരങ്ങൾ അറിഞ്ഞശേഷം ഈ വിദഗ്ദ്ധർ ബുള്ളിയൻ അസോസ്യേഷനിലെത്തി അന്ന് ബോംബെയിൽ സ്വർണത്തിന്റെ പ്രാരംഭവില (ഓപ്പനിങ് റെയ്റ്റ്) പ്രഖ്യാപിക്കുന്നു. നിമിഷങ്ങൾക്കകം ഈ വില ഇന്ത്യയിലെ എല്ലാ നഗരങ്ങളിലുമുള്ള സ്വർണവ്യാപാരികൾ മനസ്സിലാക്കിക്കഴിയും. പിന്നീട് വൈകുന്നേരമാവുമ്പോഴേക്ക്, ചോദനത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് വില കൂടുകയോ കുറയുകയോ ചെയ്യുന്നു. വില്പന നടത്തുന്ന സമയത്ത് അവസാനവില (ക്ലോസിങ് റെയ്റ്റ്) പ്രഖ്യാപിക്കപ്പെടുന്നു. പിറ്റേദിവസത്തെ പ്രാരംഭവില, തലേദിവസത്തെ അവസാന വിലകൂടി കണക്കിലെടുത്താണ് നിശ്ചയിക്കപ്പെടുന്നത്.

വരന്റെ പിതാവ് ആവശ്യപ്പെട്ടത്ര പൊന്നു കൊടുക്കാൻ കഴിയായ്കയാൽ, ആശിച്ചപോലെ മകളുടെ വിവാഹം നടത്താൻ കഴിയാതിരുന്ന എന്റെ സ്നേഹിതന് ഈ വിവരങ്ങൾ വല്ല ആശ്വാസവും നൽകുമോ എന്ന് എനിക്കറിഞ്ഞുകൂടാ. നൂറ്റാണ്ടുകൾക്കു മുമ്പ് ഭർത്തൃഹരി കണ്ടെത്തിയ 'സർവേ ഗുണാഃ കാഞ്ചനമാശ്രയന്തേ'(എല്ലാ ഗുണങ്ങളും സ്വർണ്ണത്തെ ആശ്രയിച്ചിരിക്കുന്നു) എന്ന അനുഭവപാഠം അദ്ദേഹത്തിന്റെ ഹൃദയത്തിൽ, കഠാരികൊണ്ടുള്ള ഒരു മുറിവുപോലെ നീറിക്കൊണ്ടിരിക്കുകയാണല്ലോ.

(10 ജനുവരി, 1988)

## 96. സ്വർണാഭരണം വാങ്ങുമ്പോൾ

ഇതു വായിക്കുന്ന നിങ്ങളിൽ പലർക്കും ഡോക്ടർ ഏറാടിയെ പരിചയമുണ്ടാവില്ല. പ്രശസ്തനായ ഒരു ധനശാസ്ത്ര പ്രൊഫസർ ആണ് അദ്ദേഹം. സേവനം തമിഴ്നാട്ടിലാണ്. വിദ്യാർത്ഥികൾക്കെല്ലാം സമ്മതൻ. ഗവേഷണപ്രസിദ്ധീകരണങ്ങളിൽ ഇടയ്ക്കിടെ എഴുതുന്ന പ്രബന്ധങ്ങൾ നിമിത്തം അക്കാദമിക് വൃത്തങ്ങളിലും പ്രസിദ്ധൻ. പഠിപ്പും പഠിപ്പിക്കലുമായി, മറ്റു കാര്യങ്ങളിലൊന്നും വലിയ താല്പര്യമില്ലാതെ കഴിഞ്ഞുകൂടുന്നു. വരുമാനം മോശമല്ലെങ്കിലും, നാൾതോറും വർദ്ധിച്ചുവരുന്ന നിത്യനിദാനച്ചെലവുകളും കൂടെക്കൂടെയുള്ള പുസ്തകംവാങ്ങലും കഴിച്ചാൽ സമ്പാദ്യം മോശംതന്നെ.

ഡോക്ടർ ഏറാടിയുടെ ഇളയ അനുജത്തിയുടെ ഇളയ മകളുടെ കല്യാണമാണെന്നു നാട്ടിൽനിന്നു കത്തു വന്നു. അനുജത്തിമാരിൽ ഇളയവൾ ഏറാടിയുടെ വാത്സല്യഭാജനമാണ്; ഇളയ അനുജത്തിയുടെ ഇളയ മകളാണെങ്കിൽ കണ്ണിലുണ്ണിയും. വിവാഹാവസരത്തിൽ ആ കുട്ടിക്ക് ഉചിതമായ ഒരു സമ്മാനം നല്കണം. ഡോക്ടർ ഏറാടി ഭാര്യയുമായി ആലോചിച്ചു. ഭാര്യക്കാണെങ്കിൽ സംശയമൊന്നുമില്ല. സ്വർണാഭരണമല്ലാതെ എന്താണു വിവാഹസമ്മാനമായി കൊടുക്കുക? പണം കുറവാണെങ്കിൽ ആഭരണത്തിന്റെ തൂക്കം കുറഞ്ഞുകൊള്ളട്ടെ. ഏതായാലും കൊടുക്കുകയാണെങ്കിൽ അത് സ്വർണംതന്നെയായിരിക്കണം.

ബാങ്കിലുള്ള സമ്പാദ്യത്തിൽനിന്ന് നാലോ അഞ്ചോ ആയിരം രൂപ, ധനശാസ്ത്രജ്ഞന് അതൊരു നിസ്സാരസംഖ്യയാണെങ്കിലും അദ്ധ്യാപകനു വലിയൊരു തുകതന്നെ, വാങ്ങി ഡോക്ടർ ഏറാടിയും ഭാര്യയും ഒരു